## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6362 11/07/2012 - ൽ മറുപടിക്ക്

### ഫിഷറീസ്/അഡാക്ക് വകുപ്പുകളുടെ കീഴിൽ കുട്ടനാട്ടിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ്/അഡാക്ക് വകുപ്പുകളുടെ കീഴിൽ കുട്ടനാട്ടിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) ആലപ്പുഴ ജില്ലയിൽ മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി 900 ഹെക്ടർ ശുദ്ധജലാശയങ്ങളിലും 400 ഹെക്ടർ പാടശേഖരങ്ങളിലും മത്സ്യകൃഷി നടത്തുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനോടനുബന്ധിച്ച് കുട്ടനാടൻ പ്രദേശങ്ങളിലെ ശുദ്ധ ജലാശയങ്ങളിലും പാടശേഖരങ്ങളിലും കുളങ്ങളിലും മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി, കരിമീൻകൃഷി എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടുകൂടിയുള്ള കുട്ടനാട് പാക്കേജിൻ കീഴിൽ അഡാക്ക് മുഖേന രണ്ടു പ്രധാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കുട്ടനാടൻ കാർഷിക പരിസ്ഥിതി പുനരുജ്ജീവനം - സുസ്ഥിര മത്സ്യകൃഷിയിലൂടെ. (30 കോടി രൂപ)<br><br>ഇതിൽ സർക്കാർ വിഹിതമായി 19.70 ലക്ഷം രൂപയും ബാക്കി ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയിൻ കീഴിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.<br>(a) ഒരു നെല്ലും ഒരു മീനും പദ്ധതി - 200 ഹെക്ടർ.<br>(b) വല്ലങ്ങളിലെ (ജലി) മത്സ്യകൃഷി - 300 യൂണിറ്റുകൾ.<br>(c) തനതു മത്സ്യസമ്പത്തിന്റെ സംരക്ഷണം-ഫിഷ് സാങ്ചറി - 3 എണ്ണം. |

(d) കരിമീൻ വിത്ത് വളർത്തൽ യൂണിറ്റുകൾ - 100 എണ്ണം.

2. കരിമീൻ - കുട്ടനാടൻ കൊഞ്ച് ഇവയുടെ ഉല്പാദനക്ഷമത കൂട്ടുന്നതിനുള്ള സമഗ്ര പദ്ധതി. (20.03 കോടി)

ഈ പദ്ധതിയിൽ മുഴുവൻ തുകയും സർക്കാർ വിഹിതമായി ലഭ്യമാകുന്നതാണ്. ഇതിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

(a) ആയിരംതെങ്ങ് ഫാമിൽ മാതൃക കരിമീൻ വിത്തുല്പാദന കേന്ദ്രവും ഗവേഷണ പരിശീലന കേന്ദ്രവും സ്ഥാപിക്കൽ -
(b) കൂടുകളിലെ മത്സ്യകൃഷി - 12 യൂണിറ്റുകൾ (1 യൂണിറ്റ് - 20 എണ്ണം).
(c) ഫിഷ് സാങ്ച്വറി - 2 എണ്ണം.
(d) കരിമീൻ, ആറ്റുകൊഞ്ച് സീഡ് റാഞ്ചിംഗ് - 1 കോടി രൂപ.

ഇതിനു പുറമേ സംസ്ഥാനാസൂത്രിത പദ്ധതിപ്രകാരം ഒരു നെല്ലും ഒരു മീനും പദ്ധതി 193.19 ഹെക്ടർ സ്ഥലത്ത് അഡാക്ക് നടപ്പാക്കി വരുന്നു. കൂടാതെ കുട്ടനാട് പാക്കേജിന്റെ കീഴിൽ ഫിർമ വഴി നടപ്പിലാക്കുന്ന കുളവാഴ നിർമ്മാർജ്ജനവും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വികസനവും പദ്ധതിയിൽ യന്ത്രങ്ങൾ ഉപയോഗിച്ച് പോള നീക്കം ചെയ്യൽ, നീക്കം ചെയ്ത പോളയും മണ്ണിരയും ഉപയോഗിച്ചുള്ള വളം നിർമ്മാണം, നീക്കം ചെയ്ത പോളയിൽ നിന്നുള്ള ജൈവ വാതകം ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപാദനം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | മത്സ്യകൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മത്സ്യകർഷകരുടെ വരുമാന മാർഗ്ഗം ഉയർത്തുക, മത്സ്യോത്പാദനം വർദ്ധിപ്പിക്കുക, പോഷക പ്രാധാന്യമുള്ള ഭക്ഷ്യ |

സമ്പത്ത് വർദ്ധിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക, തരിശായി കിടക്കുന്ന ഉൾനാടൻ ജലാശയങ്ങൾ ഉപയോഗപ്രദമാക്കുക 'തുടങ്ങിയ പ്രവർത്തനങ്ങളാണ് മത്സ്യസമൃദ്ധി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കുട്ടനാടിന്റെ മത്സ്യോത്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും, തനതു മത്സ്യസമ്പത്ത് പുനരുജ്ജീവിപ്പിക്കുന്നതിനും, അതോടൊപ്പം അനുയോജ്യമായ ചതുപ്പുനിലങ്ങളിൽ പരമാവധി നെല്ലും മത്സ്യവും ഉല്പാദിപ്പിക്കുന്നതിനും കുട്ടനാട്ടിലെ മത്സ്യത്തൊഴിലാളികളുടെയും കർഷകരുടെയും വരുമാനവും ഒപ്പം ജീവിത നിലവാരവും പരിസ്ഥിതി സൗഹൃദമായി നടപ്പാക്കുന്ന മത്സ്യകൃഷിയിലൂടെ ഉയർത്താൻ കഴിയും. കുളവാഴ നിർമ്മാർജ്ജനം പദ്ധതി മുഖാന്തിരം ആലപ്പുഴ, കോട്ടയം ജില്ലകളിൽപ്പെടുന്ന കുട്ടനാട്, വൈക്കം, കോട്ടയം, അമ്പലപ്പുഴ, കണയന്നൂർ, ചേർത്തല താലൂക്കുകളിലെ കായൽ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന പോള/കുളവാഴ ശല്യത്തിനു പരിഹാരമായി കുളവാഴയെ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്ത് കായലുകളുടെ ആവാസ വ്യവസ്ഥയെയും പരിസ്ഥിതിയെയും പുന:സ്ഥാപിച്ച് മത്സ്യോത്പാദനം വർദ്ധിപ്പിക്കുകയും കുളവാഴയെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) മത്സ്യസമൃദ്ധി പദ്ധതിയും 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയുള്ള കുട്ടനാട് പദ്ധതികളും 2012 മുതൽ 2015 വരെയുള്ള 3 വർഷ കാലയളവിൽ പൂർത്തീകരിക്കാനാണുദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനാസൂത്രിത പദ്ധതി 2012-13 സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.

Reji Rajendran

സെക്ഷൻ ഓഫീസർ